# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് നാല്പത്

## സമുദ്രത്തിൽനിന്നുള്ള മൃഗം

### (1)

Mon ▬ ഈ ദൂതിൽ സമുദ്രത്തിൽനിന്നുള്ള മൃഗത്തിലേക്ക് നാം വരുന്നു (13:1). പന്ത്രണ്ടും പതിമൂന്നും അധ്യായങ്ങൾ പരസ്പരബന്ധമില്ലാത്തതാണെന്നു തോന്നാം, അനേകം വർഷങ്ങൾ ഇവ തമ്മിലുള്ള ബന്ധം ഞാൻ അറിഞ്ഞിരുന്നില്ല. ഇവ തമ്മിലുള്ള ബന്ധം 12:18-ലും 13:1-ലും പറഞ്ഞിരിക്കുന്ന സമുദ്രമാണ്. വെളിപ്പാട് 12:18 (KJV-യിൽ 13:1) പറയുന്നു, "അവൻ (വ്യാളി) സമുദ്രത്തിലെ മണലിന്മേൽ നിന്നു." ഇതിനെ തുടർന്ന് 13:1 പറയുന്നു, "ഒരു മൃഗം സമുദ്രത്തിൽനിന്നു കയറിവരുന്നത് കണ്ടു." 12-18-ലും 13:1-ലുമുള്ള സമുദ്രവും ദാനീയേൽ 7:2-ലെ മഹാസമുദ്രവും മധ്യധരണ്യാഴിയെയാണ് പരാമർശിക്കുന്നത്. (മെഡിറ്ററേനിയൻ എന്നാൽ "കരയ്ക്കുള്ളിലെ കടൽ" എന്നാണർഥം.) ഇക്കാരണത്താൽ സമുദ്രമാണ് പന്ത്രണ്ടും പതിമൂന്നും അധ്യായങ്ങളെ ബന്ധിപ്പിക്കുന്ന കണ്ണി.

പന്ത്രണ്ടാം അധ്യായത്തിൽ വ്യാളി തോല്പിക്കപ്പെടുകയും സ്വർഗത്തിൽനിന്നു ഭൂമിയിലേക്ക് എറിയപ്പെടുകയും ചെയ്യു. ഭൂമിയിലേക്കു വന്നതിനുശേഷം ഉടൻതന്നെ അവൻ സമുദ്രത്തിൽനിന്നുള്ള മൃഗത്തെ ഇളക്കിവിടുവാൻ തുടങ്ങുന്നു. ഇവിടെ സമുദ്രത്തിലെ മണൽ ചൂണ്ടിക്കാണിക്കുന്നത് യിസ്രായേൽ എന്ന രാജ്യത്തിന്റെ അറ്റമായ വിശുദ്ധദേശത്തിന്റെ കടല്പുറത്തെയാണെന്നതിന് സംശയമില്ല. വ്യാളി അവിടെ നിൽക്കുകയും എതിർക്രിസ്തു എന്ന മൃഗത്തെ സമുദ്രത്തിൽനിന്നു കയറിവരുവാൻ ഇടയാക്കുകയും ചെയ്യും. വ്യാളി കടല്പുറത്തെ മണലിന്മേൽ നിൽക്കുന്നു എന്ന വസ്തുതയും യെരൂശലേം എന്ന വിശുദ്ധനഗരത്തെ നാല്പത്തിരണ്ടു മാസം ചവിട്ടിമെതിക്കും എന്ന വസ്തുതയും (11:2) ചൂണ്ടിക്കാണിക്കുന്നത് മഹാപീഡനത്തിലെ സാത്താന്റെ ഉപദ്രവം മുഖ്യമായും യിസ്രായേൽദേശത്തിൽ നിർവഹിക്കപ്പെടും എന്നാണ്.

വെളിപ്പാട് 13-നെ സംബന്ധിച്ച ഈ ദൂതുകളിൽ, ഈ ദുഷ്ടവ്യക്തിയെ സംബന്ധിച്ച വ്യക്തമായ ഒരു ഗ്രാഹ്യം വിശുദ്ധന്മാർക്ക് ഉണ്ടായിരിക്കത്തക്കവണ്ണം, ദാനീയേലിലും, വെളിപ്പാടിലും, 2 തെസ്സലൊനീക്യരിലും നമ്മോട് വിശദമായി വെളിപ്പെടുത്തിയിരിക്കുന്നതുപോലെ എതിർക്രിസ്തുവിന്റെ എല്ലാ വിവിധ വശങ്ങളും ചൂണ്ടിക്കാണിക്കുവാൻ എനിക്കു ഭാരമുണ്ട്.

വെളിപ്പാട് പുസ്തകത്തിലെ മിക്കവാറും ഒന്നുംതന്നെ മൊത്തത്തിൽ പുതിയതല്ല. മറിച്ച്, ഇവിടെയുള്ള മിക്കവാറും എല്ലാ കാര്യങ്ങളും പഴയനിയമത്തിൽ പരാമർശിച്ചിട്ടുണ്ട്. നാം വെളിപ്പാട് പുസ്തകത്തെ മനസ്സിലാക്കണമെങ്കിൽ, ഇവിടെ കാണുന്ന കാര്യങ്ങളെ പഴയനിയമത്തിലുള്ള അവയുടെ ആദ്യത്തെ പരാമർശത്തിലേക്ക് പിന്നോട്ടു ചെല്ലണം. ഈ രീതിയിൽ നാം ആരംഭ വെളിപാടും ആ വെളിപാടിന്റെ വികാസവും കാണും. എതിർക്രിസ്തുവിനെ സംബന്ധിച്ചും തത്ത്വത്തിൽ ഇങ്ങനെ തന്നെയാണ്. എതിർക്രിസ്തുവിനെ ദാനീയേലിൽ വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും വെളിപ്പാട് പുസ്തകം അവനെ സംബന്ധിച്ച് കൂടുതലായ ഒരു വികാസം നല്കുന്നു.

നമ്മിൽ അനേകരും ദാനീയേലിന്റെ പുസ്തകത്തിലെ പ്രവചനവുമായി ഏറെക്കുറെ പരിചതരാണ്. ഈ ദൂതുകളിൽ നാം ദാനീയേലിലെ നാല് അധ്യായങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്: നെബൂഖദ്നേസറിന്റെ സ്വപ്നത്തിന്റെ വിവരണമുള്ള രണ്ടാം അധ്യായവും, സമുദ്രത്തിൽനിന്നു കയറിവരുന്ന നാലു മൃഗങ്ങളുടെ വെളിപാടുള്ള ഏഴാം അധ്യായവും, തമ്മിൽ പോരാടുന്ന ആട്ടുകൊറ്റനും കോലാട്ടുകൊറ്റനുമുള്ള എട്ടാം അധ്യായവും, തെക്കേ ദേശത്തിലെയും വടക്കേ ദേശത്തിലെയും രാജാക്കന്മാരെ പരാമർശിക്കുന്ന പതിനൊന്നാം അധ്യായവും. എട്ടാം അധ്യായത്തിൽ കോലാട്ടുകൊറ്റന്റെ നാലു കൊമ്പുകളിലൊന്നിൽ നിന്ന് ഒരു ചെറിയ കൊമ്പു പുറത്തേക്കുവരുകയും, പതിനൊന്നാം അധ്യായത്തിൽ വടക്കേ ദേശത്തിലെ രാജാവിൽനിന്ന് എന്തോ ഒന്ന് ഉളവാകുകയും ചെയ്യുന്നു. ഇവ രണ്ടും ഒന്നുതന്നെയാണ്.

രണ്ടാം അധ്യായത്തിലെ വലിയ ബിംബം നാലു ഭാഗങ്ങൾ ചേർന്നതാണ്: തലയും, നെഞ്ചും കൈകളും, വയറും തുടകളും, പത്തു കാൽവിരലുകളുൾപ്പെടെയുള്ള കാലുകളും. നാലാമത്തെ ഭാഗത്തെ ഒന്നാമത് രണ്ടു കാലുകളായും പിന്നീട് പത്തു വിരലുകളായും വീണ്ടും വിഭജിച്ചിട്ടുണ്ട്. ബിംബത്തിന്റെ ആദ്യത്തെ മൂന്നു ഭാഗങ്ങളാലും രണ്ടു കാലുകളാലും സൂചിപ്പിക്കപ്പെടുന്ന ചരിത്രത്തിന്റെ കാലയളവ് പൂർത്തിയായെങ്കിലും, പത്തു കാൽവിരലുകൾ ഇതുവരെ പൂർത്തിയായിട്ടില്ല. ഏഴാം അധ്യായത്തിലെ നാലു മൃഗങ്ങൾ രണ്ടാം അധ്യായത്തിലെ വലിയ

ബിംബത്തിന്റെ നാലു ഭാഗങ്ങളോട് ഒത്തിരിക്കുന്നു. ഒന്നാമത്തെ മൃഗം തലയോടും, രണ്ടാമത്തേത് നെഞ്ചിനോടും കൈകളോടും, മൂന്നാമത്തേത് വയറിനോടും തുടകളോടും, നാലാമത്തേത് കാൽവിരലുകളോടുകൂടെയുള്ള കാലുകളോടും ഒത്തിരിക്കുന്നു. ഒടുവിൽ, ഏഴാം അധ്യായത്തിലെ ദർശനത്തിനനുസരിച്ച് നാലാമത്തെ മൃഗത്തിന് പത്തു കൊമ്പുകൾ ഉണ്ടായിരിക്കും. നാലാമത്തെ മൃഗത്തിന്റെ ഈ പത്തു കൊമ്പുകൾ വാസ്തവത്തിൽ വലിയ ബിംബത്തിന്റെ നാലാമത്തെ ഭാഗത്തിന്റെ പത്തു കാൽവിരലുകളായിരിക്കും.

എട്ടാം അധ്യായത്തിലെ രണ്ടു മൃഗങ്ങളായ ആട്ടുകൊറ്റനും കോലാട്ടുകൊറ്റനും ഏഴാം അധ്യായത്തിൽ പറഞ്ഞിരിക്കുന്ന രണ്ടാമത്തെയും മൂന്നാമത്തെയും മൃഗങ്ങൾക്കു തുല്യമാണ്. അതിനാൽ, ആട്ടുകൊറ്റൻ മൂന്നാമത്തെ മൃഗത്തിനും വലിയ ബിംബത്തിന്റെ മൂന്നാമത്തെ ഭാഗത്തിനും തുല്യമാണ്. എട്ടാം അധ്യായമനുസരിച്ച്, കോലാട്ടുകൊറ്റന് നാലു കൊമ്പുകളുണ്ട്, അവയിൽ ഒന്നിൽനിന്ന് ഒരു ചെറിയ കൊമ്പു മുളച്ചുവരുന്നു.

ദാനീയേൽപുസ്തകത്തിന്റെ പതിനൊന്നാം അധ്യായത്തിൽ നമുക്ക് തെക്കേദേശത്തിലെ രാജാവും വടക്കേ ദേശത്തിലെ രാജാവും എന്നീ രണ്ടു രാജാക്കന്മാരുണ്ട്. വടക്കേ ദേശത്തിലെ രാജാവ് എതിർക്രിസ്തുവിന്റെ ഒരു നിഴലാണ്; അവൻ എട്ടാം അധ്യായത്തിലെ കോലാട്ടുകൊറ്റന്റെ കൊമ്പുകളിൽനിന്നു വരുന്നു.

ദാനീയേലിലെ ഈ നാല് അധ്യായങ്ങൾ തമ്മിലുള്ള ബന്ധത്തെ ദയവായി ശ്രദ്ധിക്കുക. ഏഴാം അധ്യായത്തിലെ നാലു മൃഗങ്ങൾ രണ്ടാം അധ്യായത്തിലെ വലിയ ബിംബത്തിന്റെ നാലാമത്തെ ഭാഗത്തിനു സമമാണ്. എട്ടാം അധ്യായത്തിലെ ആട്ടുകൊറ്റനും കോലാട്ടുകൊറ്റനും ഏഴാം അധ്യായത്തിലെ രണ്ടാമത്തെയും മൂന്നാമത്തെയും മൃഗത്തിനു തുല്യമാണ്. പതിനൊന്നാം അധ്യായത്തിലെ വടക്കേദേശത്തിലെ രാജാവ് എട്ടാം അധ്യായത്തിലെ കോലാട്ടുകൊറ്റന്റെ നാലു കൊമ്പുകളിലൊന്നിൽനിന്നു വരുന്നു. ഒടുവിൽ, വടക്കേദേശത്തിലെ രാജാവ് എട്ടാം അധ്യായത്തിൽ പറഞ്ഞിരിക്കുന്ന ചെറിയ കൊമ്പായ എതിർക്രിസ്തുവിന്റെ ഒരു നിഴൽ, ഒരു മുൻകുറി ആയിരിക്കും.

ദാനീയേൽ 9:24-27-ൽ നമുക്ക് എഴുപത് ആഴ്ചവട്ടത്തെ സംബന്ധിച്ച പ്രവചനമുണ്ട്. ഈ അധ്യായമനുസരിച്ച്, യിസ്രായേലിന്റെ ചരിത്രത്തിൽ എഴുപത് ആഴ്ചവട്ടം ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്നു. ഓരോ ആഴ്ചവട്ടവും ഏഴു വർഷങ്ങളുടെ ഒരു കാലയളവിനെ കുറിക്കുന്നു. അറുപത്തൊമ്പതാമത്തെ ആഴ്ചവട്ടത്തിനുശേഷം ഒരു പ്രഭു,

അത് തീത്തൊസായിരുന്നു, യെരൂശലേമിനെ നശിപ്പിക്കുവാൻ വരുകയും, യെരൂശലേം ജാതികളുടെ കാൽക്കീഴിൽ ചവിട്ടി മെതിക്കപ്പെടുകയും ചെയ്തു. ആ സമയം, മ്ലേച്ഛതയോടുകൂടിയ ശൂന്യത വന്നു (ദാനീ. 9:27). A.D. 70-ൽ തീത്തൊസ് യെരൂശലേം നഗരത്തെ നശിപ്പിച്ചു. ആ സമയംമുതൽ 1967 വരെ യെരൂശലേം ജാതികളുടെ നിയന്ത്രണത്തിൻ കീഴിലായിരുന്നു. 1967-ൽ യെരൂശലേം യെഹൂദന്മാർക്ക് മടക്കിനൽകപ്പെട്ടത് നാം അവസാന സമയത്തോട് വളരെ അടുത്തിരിക്കുന്നതിന്റെ ഒരു സൂചനയാണ്. എതിർക്രിസ്തുവിലൂടെ മ്ലേച്ഛതയോടുകൂടിയ ശൂന്യത പൂർണ്ണതയിൽ ഉടനെ വരും.

## I. ദാനീയേൽ 7-ലെ നാലാമത്തെ മൃഗം

വെളിപ്പാട് 13:1-ലെ സമുദ്രത്തിൽനിന്നുള്ള മൃഗം ദാനീയേലിലെ നാലാമത്തെ മൃഗത്തിന്റെ അവസാനത്തേതും നിർണ്ണായകവുമായ ഭാഗമാണ് (ദാനീ. 7:7-8, 19-26). ദാനീയേലിലും വെളിപ്പാടിലും സമുദ്രത്തിൽനിന്നുള്ള മൃഗം റോമാസാമ്രാജ്യത്തെ മാത്രമല്ല, പിന്നെയോ നിശ്ചിതമായി എതിർക്രിസ്തുവിനെ പരാമർശിക്കുന്നു. തന്മൂലം ഒടുവിൽ എതിർക്രിസ്തുവാണ് ദാനീയേൽ 7-ലെ നാലാമത്തെ മൃഗമായ സമുദ്രത്തിൽനിന്നുള്ള മൃഗം.

### A. ഘോരവും ഭയങ്കരവും

ഈ മൃഗം ഘോരവും ഭയങ്കരവും ആണ് (ദാനീ. 7:7, 19). കഴിഞ്ഞ കാലങ്ങളിൽ റോമാസാമ്രാജ്യം ഘോരവും ഭയങ്കരവുമായ കാര്യങ്ങൾ ചെയ്തിരുന്നു. ഭാവിയിൽ എതിർക്രിസ്തുവും ജനത്തെ നശിപ്പിക്കേണ്ടതിന് ഭയങ്കരമായ കാര്യങ്ങൾ ചെയ്യും. രണ്ടും ക്രൂരവും ഘോരവും ആണ്.

### B. അതിബലവും

മൃഗം "അതിബലം" ഉള്ളതാണെന്ന് ദാനീയേൽ 7:7 വെളിപ്പെടുത്തുന്നു. റോമാസാമ്രാജ്യം ചരിത്രത്തിലെ ഏറ്റവും ബലമുള്ള ജാതീയ ശക്തിയായിരുന്നു: എതിർക്രിസ്തുവും, സാത്താന്റെ ശക്തിയിലുള്ള ബലത്തിൽപോലും, അസാമാന്യമായി ബലമുള്ളതായിരിക്കും. റോമാസാമ്രാജ്യം അയൽശക്തികളെയെല്ലാം പിടിച്ചടക്കിയതുപോലെ എതിർക്രിസ്തുവും മധ്യധരണ്യാഴിക്കു ചുറ്റുമുള്ള സകല ശക്തികളെയും കീഴടക്കുകയും പിടിച്ചടക്കുകയും ചെയ്യും.

### C. വലിയ ഇരുമ്പുപല്ലും താമ്രനഖങ്ങളും ഉണ്ട്

മൃഗത്തിന് വലിയ ഇരുമ്പുപല്ലും താമ്രനഖങ്ങളും ഉണ്ട് (ദാനീ. 7:7, 19). ഇരുമ്പുപല്ല് തിന്നുന്നതിനും, അഥവാ വിഴുങ്ങുന്നതിനും,

താമ്രനഖങ്ങൾ നിൽക്കുന്നതിനും, അഥവാ ചവിട്ടിമെതിക്കുന്നതിനും ആണ്.

## D. സർവഭൂമിയെയും വിഴുങ്ങുകയും കഷണങ്ങളായി തകർത്തുകളയുകയും ചെയ്യുന്നു

ഈ മൃഗം സർവഭൂമിയെയും വിഴുങ്ങുകയും അതിനെ കഷണങ്ങളായി തകർത്തുകളയുകയും ചെയ്യുന്നു (ദാനീ. 7:7, 19, 23). മൃഗത്തിന്റെ വർണ്ണനയുടെ മറ്റെല്ലാ വശങ്ങളോടുംകൂടെ, ഇത് ഒന്നാമത് കൈസർമാരോടുകൂടെയുള്ള പുരാതന റോമാസാമ്രാജ്യത്തോടും പിന്നീട് വരാൻപോകുന്ന എതിർക്രിസ്തുവിനോടും പ്രയോഗിക്കുവാൻ കഴിയുന്നു.

## E. ശേഷിച്ചതിനെ അതിന്റെ കാൽകൊണ്ട് ചവിട്ടുന്നു

നാലാമത്തെ മൃഗം ശേഷിച്ചതിനെ അതിന്റെ കാൽകൊണ്ട് ചവിട്ടുന്നു (ദാനീ. 7:7, 19, 23). വിഴുങ്ങുകയും തകർക്കുകയും ചെയ്തതിനുശേഷം അവശേഷിക്കുന്ന സകലത്തെയും മൃഗം ചവിട്ടിക്കളയും. കഴിഞ്ഞകാല റോമാസാമ്രാജ്യത്തെ സംബന്ധിച്ച് അത് സത്യമായിരുന്നു, ഭാവിയിൽ എതിക്രിസ്തുവിനെ സംബന്ധിച്ചും അത് സത്യമായിരിക്കും.

## F. പത്തു കൊമ്പുകളുണ്ട്

മൃഗത്തിന് പത്തു കൊമ്പുകളും ഉണ്ട് (ദാനീ. 7:7, 20, 24). ഈ പത്തു കൊമ്പുകൾ രണ്ടാം അധ്യായത്തിലെ വലിയ ബിംബത്തിന്റെ പത്തു കാൽവിരലുകളോട് ഒത്തിരിക്കുന്നു. ദാനീയേൽ 2-ലെ വലിയ ബിംബത്തിന്റെ ദർശനമനുസരിച്ച്, പത്തു കാൽവിരലുകളാൽ പ്രതിനിധീകരിക്കപ്പെടുന്ന പത്തു രാജാക്കന്മാർ, ദൈവത്തിന്റെ വീക്ഷണത്തിൽ, ശരീരത്തിന്റെ ഏറ്റവും താഴ്ന്ന ഭാഗമാണ്. എന്നാൽ ദാനീയേൽ 7-ലെ ദർശനത്തിൽ പത്തു രാജാക്കന്മാരാൽ പ്രതിനിധീകരിക്കപ്പെടുന്ന ഈ പത്തു രാജ്യങ്ങൾ പത്തു കൊമ്പുകളായി ഉയർത്തപ്പെട്ടവയാണ്. രണ്ടാം അധ്യായത്തിൽ ഈ രാജാക്കന്മാർ ഏറ്റവും താഴ്ന്നും അധ്യായം ഏഴിൽ അവ ഏറ്റവും ഉയർന്നും ഇരിക്കുന്നു. ഈ രാജാക്കന്മാർ ഏറ്റവും താഴ്ന്നതാണോ, അതൊ ഏറ്റവും ഉയർന്നതാണോ എന്നത് നമ്മുടെ വീക്ഷണത്തെ അനുസരിച്ചിരിക്കുന്നു. നാം സ്വർഗത്തിലെ വീക്ഷണകോണിൽനിന്നും അവയെ വീക്ഷിക്കുന്നുവെങ്കിൽ, അവ ഏറ്റവും താഴ്ന്നതായിരിക്കും. എന്നാൽ നാം അവയെ ലൗകികമായ വീക്ഷണകോണിൽനിന്നും വീക്ഷിക്കുന്നുവെങ്കിൽ, ഈ രാജ്യങ്ങൾ ഏറ്റവും ഉന്നതമായി തോന്നും. കൂടാതെ, ലൗകികരാഷ്ട്രീയവും ലൗകികരാജ്യങ്ങളും,

ദൈവത്തിന്റെ ദൃഷ്ടിയിൽ, ജനത്തെ നശിപ്പിക്കുകയും വിഴുങ്ങിക്കളയുകയും ചെയ്യുന്നതൊഴികെ മറ്റൊന്നും ചെയ്യാത്ത കാട്ടുമൃഗങ്ങളെപ്പോലെയാണ്. എന്നാൽ നെബൂഖദ്നേസറിന്റെ ദൃഷ്ടിയിൽ, അതായത്, മാനുഷിക ദൃഷ്ടിയിൽ, ലൗകികരാജ്യങ്ങൾ വലുതും മഹത്വകരവുമായ പ്രതിമയായി തോന്നും.

## G. പത്തു കൊമ്പുകളുടെ ഇടയിൽ ഒരു ചെറിയ കൊമ്പ് മുളച്ചുവരുന്നു

നാലാമത്തെ മൃഗത്തിന് പത്തു കൊമ്പുകളുടെ ഇടയിൽനിന്നും വന്ന എതിർക്രിസ്തു എന്ന ഒരു ചെറിയ കൊമ്പുണ്ട് (ദാനീ. 7:8, 20, 24-26). എതിർക്രിസ്തു പത്തു കൊമ്പുകളിലൊന്നിൽനിന്ന് മുളച്ചുവരും.

### *1. മനുഷ്യന്റെ കണ്ണുകൾപോലെയുള്ള കണ്ണുകളുണ്ട്*

ഈ ചെറിയ കൊമ്പിന് മനുഷ്യന്റെ കണ്ണുക്ൾപോലെയുള്ള കണ്ണുകൾ ഉണ്ടായിരിക്കും (ദാനീ. 7:8, 20). ഇവിടെ കണ്ണുകൾ ഉൾക്കാഴ്ചയെ സൂചിപ്പിക്കുന്നു. കൊമ്പിന് മനുഷ്യന്റെ കണ്ണുകൾപോലെയുള്ള കണ്ണുകൾ ഉണ്ടായിരിക്കും എന്നത് എതിർക്രിസ്തു ബുദ്ധിപരമായി സമർത്ഥനായിരിക്കുമെന്നു സൂചിപ്പിക്കുന്നു. അവൻ പരിജ്ഞാനംകൊണ്ട് നിറഞ്ഞവനും ശ്രേഷ്ഠമായ ഉൾക്കാഴ്ച ഉള്ളവനുമായ ഒരു മനുഷ്യനായിരിക്കും. അവൻ രാഷ്ട്രതന്ത്രം അറിയുന്നവനും ശാസ്ത്രീയമായ സകല തൽസമയ പരിജ്ഞാനത്തിലും പരിചയമുള്ളവനും ആയിരിക്കാം. നിങ്ങൾ ലോകസാഹചര്യത്തെ നിരീക്ഷിക്കുകയും വർത്തമാനപത്രങ്ങൾ വായിക്കുകയും ചെയ്യുമ്പോൾ ഇത് മനസ്സിൽ സൂക്ഷിച്ചുകൊള്ളുക. ഇപ്പോൾ മുതൽ അധികം താമസിയാതെ ഇങ്ങനെയുള്ള ഒരു മനുഷ്യൻ എഴുന്നേൽക്കും.

### *2. അത്യുന്നതനെതിരായി വമ്പുപറയുന്ന ഒരു വായുണ്ടായിരിക്കും*

ചെറിയ കൊമ്പിന് അത്യുന്നതനെതിരായി വമ്പുപറയുന്ന ഒരു വായും ഉണ്ടായിരിക്കും (ദാനീ. 7:8, 20, 25). സംസാരത്തിൽ അവൻ ധിക്കാരിയായിരിക്കുകയും ദൈവത്തിനെതിരായി ദൂഷണവാക്കുകൾ സംസാരിക്കുകയും ചെയ്യും. എതിർക്രിസ്തു വാഗ്ചാതുര്യത്തോടെ സംസാരിക്കുന്നവനായിരിക്കും. ഇന്നും, രാഷ്ട്രീയപരമായ ഉദ്യോഗത്തിനുള്ള ഏതൊരു ഉദ്യോഗാർഥിയും ബുദ്ധിശാലിയും സ്വന്തം വികാരങ്ങൾ നിഷ്പ്രയാസം പ്രകടിപ്പിക്കുവാൻ കഴിവുള്ളവനും ആയിരിക്കണം. ഒരു ഉദ്യോഗാർഥി എത്രത്തോളം ശ്രേഷ്ഠമായ വാക്കുകൾ പറയുന്നുവോ അത്രത്തോളം അവൻ തിരഞ്ഞെടുക്കപ്പെടുവാനുള്ള

സാധ്യതയും കൂടുന്നു. ബുദ്ധിശാലിയും വാഗ്ചാതുര്യവുമുള്ള ഒരു വ്യക്തി ധിക്കാരപരമായും ദൈവത്തെ ദൂഷിച്ചുകൊണ്ടും സംസാരിക്കുന്നത് നിങ്ങൾ കാണുമ്പോൾ, നിങ്ങൾ ശ്രദ്ധിക്കണം– അവൻ എതിർക്രിസ്തു ആയിരിക്കാം.

### *3. കൂട്ടുകൊമ്പുകളെക്കാൾ കാഴ്ചയ്ക്ക് വണ്ണമേറിയവൻ*

ചെറിയ കൊമ്പിന് മറ്റു കൂട്ടുകൊമ്പുകളുടേതിനെക്കാൾ കാഴ്ചയ്ക്ക് കൂടുതൽ വണ്ണമുണ്ടായിരിക്കും (ദാനീ. 7:20). കേവലം അവന്റെ സാന്നിധ്യത്തിന്റെ ശക്തിയാൽ അനേകരെ കീഴ്പെടുത്തുവാൻ അവൻ പ്രാപ്തനായിരിക്കേണ്ടതിന് അവൻ കാഴ്ചയ്ക്ക് വളരെ ബലവാനും, വളരെ വണ്ണമുള്ളവനും, വളരെ ഗാംഭീര്യമുള്ളവനും, വളരെ ആകർഷണീയനും ആയിരിക്കും. വേദപുസ്തകം നമ്മെ ഇരുട്ടിൽ ഉപേക്ഷിക്കുന്നില്ല. അത് ക്രിസ്തുവിനെ വെളിപ്പെടുത്തുക മാത്രമല്ല, എതിർക്രിസ്തുവിനെ വ്യക്തമായി വിവരിക്കുകയും ചെയ്യുന്നു. എതിർക്രിസ്തു പ്രത്യക്ഷനാകുമ്പോൾ അവനെ അനായാസം തിരിച്ചറിയുവാൻ നാം പ്രാപ്തരായിരിക്കും.

### *4. വിശുദ്ധന്മാരോട് യുദ്ധംചെയ്ത് അവരെ ജയിക്കുന്നു*

ദാനീയേൽ 7:21 പറയുന്നു, "ആ കൊമ്പ് വിശുദ്ധന്മാരോട് യുദ്ധം ചെയ്തു അവരെ ജയിക്കുന്നത് ഞാൻ കണ്ടു." എതിർക്രിസ്തു ധിക്കാരിയും ദൈവദൂഷകനുമായിരിക്കും എന്നു മാത്രമല്ല, അവൻ വിശുദ്ധന്മാരോട് യുദ്ധംചെയ്യുകയും ചെയ്യും. അവൻ ദൈവഭക്തരായ യെഹൂദന്മാരെയും ക്രിസ്തുവിശ്വാസികളായ ക്രിസ്ത്യാനികളെയും ഉപദ്രവിക്കും.

### *5. മൂന്നര വർഷം വിശുദ്ധന്മാരെ ഒടുക്കിക്കളയുന്നു*

ചെറിയ കൊമ്പ് "അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളയും" എന്ന് ദാനീയേൽ 7:25 സൂചിപ്പിക്കുന്നു. എതിർക്രിസ്തു വിശുദ്ധന്മാരെ അവന്റെ കരത്തിൻകീഴിൽ വയ്ക്കുകയും ക്രമേണ അവരെ ഒടുക്കിക്കളയുകയും ചെയ്യും. അവൻ ഇത് എങ്ങനെ ചെയ്യുമെന്ന് എനിക്കറിയില്ല. ഈ ഒടുക്കിക്കളയൽ സഹിക്കുന്നത് പെട്ടെന്നുള്ള മരണത്തിന് ഏല്പിക്കുന്നതിനെക്കാൾ പ്രയാസകരമായിരിക്കും. നിങ്ങൾ ഇത് അനുഭവിക്കുവാൻ കാത്തിരിക്കരുത്. മറിച്ച്, അതിനെ ഒഴിഞ്ഞുപോകുവാൻ പ്രാർഥിക്കുക. ഈ വ്യക്തിയെപ്പോലെ കാണപ്പെടുന്ന ഒരുവൻ എഴുന്നേൽക്കുന്നത് നാം എത്രയധികം കാണുന്നുവോ, അത്രയുമധികം, "കർത്താവേ, അത് ഇവനാണെങ്കിൽ, അവൻ അധികാരത്തിലേക്കു വരുന്നതിനുമുമ്പെ എന്നെ എടുത്തുകൊള്ളേണമേ. അവന്റെ കരത്തിൻകീഴിൽ എനിക്ക് ഇരിക്കണ്ട" എന്ന് നാം പ്രാർഥിക്കണം.

### *6. സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കുന്നു*

ചെറിയ കൊമ്പ് "സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കുന്നു" എന്നും ദാനീയേൽ 7:25 വെളിപ്പെടുത്തുന്നു. സമയങ്ങളുടെയും നിയമങ്ങളുടെയും ഈ മാറ്റം യിസ്രായേൽമക്കളുടെ നിയമിക്കപ്പെട്ട വിരുന്നുകളെ മാറ്റുന്നതിനെ പരാമർശിക്കുന്നു. ലേവ്യാപുസ്തകമനുസരിച്ച്, ദൈവം യെഹൂദാജനത്തിന് കുറഞ്ഞത് ഏഴു വാർഷിക വിരുന്നുകൾ നിയമിച്ചിരുന്നു. ഈ വിരുന്നുകൾ ദൈവാരാധനയോട് ബന്ധപ്പെട്ടിരുന്നതുകൊണ്ടും, എതിർക്രിസ്തു ഏതു തരത്തിലുള്ള മതത്തെയും എതിർക്കും എന്നുള്ളതുകൊണ്ടും, അവൻ സകല വിരുന്നുകളെയും നീക്കിക്കളയുകയും സകല നിയമങ്ങളെയും മാറ്റുകയും ചെയ്യും. ഈ നിയമങ്ങൾ മോശെയിലൂടെ ദൈവം തന്റെ ജനത്തിനു നല്കിയ ദൈവത്തിന്റെ നിയമങ്ങളെ പരാമർശിക്കുന്നു. അങ്ങനെ, എതിർക്രിസ്തു യെഹൂദമതത്തിൽ മാറ്റംവരുത്തുകയും, വിരുന്നുകൾ നിർത്തലാക്കുകയും, തങ്ങളുടെ പൂർവപിതാക്കന്മാരിലൂടെ ദൈവത്തിൽനിന്നും അവർ സ്വീകരിച്ച നിയമങ്ങളെ മാറ്റുകയും ചെയ്യും.

### *7. അവന്റെ ആധിപത്യം എടുത്തുകളയപ്പെടും*

ദാനീയേൽ 7:26 പറയുന്നു, "ന്യായവിസ്താരസഭ ഇരുന്നുകൊണ്ട് അവന്റെ ആധിപത്യം എടുത്തുകളയും." എതിർക്രിസ്തു എന്ന ചെറിയ കൊമ്പിന്റെ ആധിപത്യം എടുത്തുകളയപ്പെടും.

### *8. നശിപ്പിച്ചു മുടിക്കും*

എതിർക്രിസ്തു "അന്ത്യംവരെ" നശിപ്പിച്ചു മുടിക്കപ്പെടുമെന്നും വാക്യം 26 വെളിപ്പെടുത്തുന്നു. എതിർക്രിസ്തു എങ്ങനെ നശിപ്പിക്കപ്പെടുമെന്ന് ദാനീയേൽ നിശ്ചിതമായി പറയുന്നില്ലെങ്കിലും അവൻ തീപ്പൊയ്കയാൽ നശിപ്പിക്കപ്പെടുമെന്ന് (വെളി. 19:20) വചനത്തിന്റെ മറ്റു ഭാഗങ്ങളിൽനിന്നും നമുക്കറിയാം.

## II. ദാനീയേൽ 8-ലുള്ള ചെറിയ കൊമ്പ്

ഇനി നാം ചെറിയ കൊമ്പിനെ കാണുന്ന ദാനീയേൽ എട്ടാം അധ്യായത്തിലേക്കു വരുന്നു (വാ. 8-12, 21-25). എതിർക്രിസ്തു ദാനീയേൽ ഏഴാം അധ്യായത്തിലെ നാലാമത്തെ മൃഗമായിരിക്കുകയും ദാനീയേൽ എട്ടാം അധ്യായത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ചെറിയ കൊമ്പായിരിക്കുകയും ചെയ്യും. ദാനീയേൽ എട്ടാം അധ്യായത്തിലെ വെളിപാട് മുഖ്യമായി രണ്ടു കാര്യങ്ങളുടേതാണ്—പാർസിദേശത്തെ സൂചിപ്പിക്കുന്ന ആട്ടുകൊറ്റനും യവനദേശത്തെ സൂചിപ്പിക്കുന്ന

കോലാട്ടുകൊറ്റനും. G. H. പെംബെർ ശ്രേഷ്ഠമായ പ്രവചനങ്ങളെക്കുറിച്ചുള്ള തന്റെ പുസ്തകത്തിൽ പറയുന്നത് പുരാതന പാർസിദേശത്തുടനീളം, പ്രത്യേകിച്ചും അതിന്റെ തലസ്ഥാനത്തിൽ, ഒരു ആട്ടുകൊറ്റന്റെ ചിഹ്നം കണ്ടെത്തിയിരുന്നു എന്നാണ്. കൂടാതെ, പുരാതന യവനദേശത്തിൽ കോലാട്ടുകൊറ്റന്റെ നിരവധി ചിഹ്നങ്ങൾ ഉണ്ടായിരുന്നു. പാർസിദേശത്തെ സൂചിപ്പിക്കുവാൻ ഒരു ആട്ടുകൊറ്റനെയും യവനദേശത്തെ സൂചിപ്പിക്കുവാൻ ഒരു കോലാട്ടുകൊറ്റനെയും വേദപുസ്തകം ഉപയോഗിക്കുന്നു. ഈ അധ്യായത്തിലെ കോലാട്ടുകൊറ്റൻ മഹാനായ അലക്സാണ്ടറിനെ പരാമർശിക്കുന്നു. അലക്സാണ്ടർ ഏകദേശം പന്ത്രണ്ടു വർഷം അധികാരത്തിലിരിക്കുകയും അവന്റെ മുപ്പതുകളിൽ വളരെ പെട്ടെന്നു മരിക്കുകയും ചെയ്തു. അവന്റെ ബലം ഒരു ആട്ടുകൊറ്റന്റേതു പോലെയായിരുന്നില്ല, മറിച്ച് ഒരു കോലാട്ടുകൊറ്റന്റേതു പോലെയായിരുന്നു. മഹാനായ അലക്സാണ്ടർ മക്കെദോന്യയിൽ വന്നപ്പോൾ അവൻ കോലാട്ടുകൊറ്റന്റെ കൊമ്പുകൾകൊണ്ടുള്ള ഒരു കിരീടം ധരിച്ചുവെന്ന് ചരിത്രം പറയുന്നു.

ദാനീയേൽ 8:8 പറയുന്നു, "കോലാട്ടുകൊറ്റൻ ഏറ്റവും വലുതായിത്തീർന്നു; എന്നാൽ അത് ബലപ്പെട്ടപ്പോൾ വലിയ കൊമ്പ് തകർന്നുപോയി; അതിനുപകരം ആകാശത്തിലെ നാലു കാറ്റിനു നേരെ ഭംഗിയുള്ള നാലു കൊമ്പ് മുളച്ചുവന്നു." മഹാനായ അലക്സാണ്ടറിന് നാലു സൈന്യാധിപന്മാർ ഉണ്ടായിരുന്നു. അലക്സാണ്ടറിന്റെ മരണത്തിനുശേഷം ഈ സൈന്യാധിപന്മാർ ചില ഭൂപ്രദേശങ്ങൾ കൈക്കലാക്കുകയും അവയിൽനിന്ന് തങ്ങൾക്കുവേണ്ടി രാജത്വങ്ങൾ സ്ഥാപിക്കുകയും ചെയ്തു. അങ്ങനെ, അലക്സാണ്ടറിന്റെ മരണത്തിനുശേഷം, പുരാതന മക്കെദോന്യരാജ്യം നാലു രാജ്യങ്ങളായി വിഭജിക്കപ്പെട്ടു. അലക്സാണ്ടറിന്റെ സമയത്തിനും വളരെമുമ്പ് എഴുതപ്പെട്ട ഈ പ്രവചനം നാം വായിക്കുമ്പോൾ, വേദപുസ്തകം ദൈവത്താൽ പ്രചോദിപ്പിക്കപ്പെട്ടതാണെന്നു വിശ്വസിക്കുവാനല്ലാതെ മറ്റൊന്നിനും കഴിയുകയില്ല. അമ്പതു വർഷങ്ങൾക്കുമുമ്പ് ഈ വിഷയങ്ങൾ ഞാൻ വായിക്കുകയും പഠിക്കുകയും ചെയ്തപ്പോൾ വേദപുസ്തകം ദൈവത്താൽ പ്രചോദിപ്പിക്കപ്പെട്ടതാണെന്ന് എനിക്ക് പൂർണ്ണ ബോധ്യമുണ്ടായി. സംക്ഷിപ്തമെങ്കിലും, ഉള്ളടങ്ങുന്നതായ ഇങ്ങനെയുള്ള ഒരു വെളിപാട് നല്കുവാൻ ഒരു മനുഷ്യമനസ്സിനും ഒരിക്കലും കഴിയുമായിരുന്നില്ല.

## A. കോലാട്ടുകൊറ്റന്റെ നാലു കൊമ്പുകളിൽ ഒന്നിൽനിന്ന്

ദാനീയേൽ 8-ലെ ചെറിയ കൊമ്പ് കോലാട്ടുകൊറ്റന്റെ നാലു കൊമ്പുകളിലൊന്നിൽനിന്ന്, അതായത്, പുരാതന മക്കെദോന്യ

യവനദേശത്തിൽ നിന്നുള്ള നാലു രാജ്യങ്ങളിലൊന്നിൽനിന്ന് വരുന്നു (വാ. 8-9, 21-23).

## B. തെക്കോട്ടും കിഴക്കോട്ടും മനോഹരദേശത്തിനു നേരേയും ഏറ്റവും വലുതായിത്തീരുന്നു

ദാനീയേൽ 8:9 പറയുന്നു, "അവയിൽ ഒന്നിൽനിന്ന് ഒരു ചെറിയ കൊമ്പ് പുറപ്പെട്ടുവന്നു; അത് തെക്കോട്ടും കിഴക്കോട്ടും മനോഹരദേശത്തിനു നേരേയും ഏറ്റവും വലുതായിത്തീർന്നു." "തെക്ക്" മിസ്രയീമിനെ പരാമർശിക്കുകയും, "കിഴക്ക്" ഏഷ്യാമൈനറിനെ പരാമർശിക്കുകയും, "മനോഹരദേശം" വിശുദ്ധദേശത്തെ പരാമർശിക്കുകയും ചെയ്യുന്നു. ഇത് അറിയുന്നത് ചെറിയ കൊമ്പ് എഴുന്നേറ്റുവരുന്ന മേഖലയെ നിർണ്ണയിക്കുവാൻ നമ്മെ പ്രാപ്തരാക്കും. അവൻ യവനദേശത്തിൽനിന്നോ മക്കെദോന്യയിൽനിന്നോ, ഒരുപക്ഷേ യവനദേശത്തുനിന്നുതന്നെ വരും. അവൻ ബുദ്ധിപരമായി സമർത്ഥനായിരിക്കും എന്നതിനുള്ള കാരണം ഇതാണ്; പുരാതനകാലംതൊട്ടേ യവനന്മാർ അവരുടെ ബുദ്ധിപരമായ നേട്ടങ്ങളിൽ ശ്രദ്ധിക്കപ്പെട്ടിരുന്നു.

എങ്കിലും, വേദപുസ്തകത്തിലെ പ്രവചനങ്ങൾ ചിലപ്പോൾ വളരെ "മറച്ചുവച്ചുകൊണ്ടുള്ളവ" ആണ്. ഉദാഹരണത്തിന്, ക്രിസ്തു ബെത്ലഹേമിൽ ജനിക്കുമെന്ന് മീഖാ 5:2 പ്രവചിച്ചു. ഈ പ്രവചനം നിറവേറിയെങ്കിലും, ക്രിസ്തുവിന്റെ ഉത്ഭവം ബെത്ലഹേമിലാണെന്നു കണ്ടെത്തുക ഒരുവന് പ്രയാസമായിരുന്നു. അവന്റെ അമ്മയായ മറിയ ബെത്ലഹേമിലല്ല, നസ്രത്തിൽവച്ചാണ് ഗർഭിണിയായത്. അവളുടെ പ്രസവസമയം അടുത്തപ്പോൾ അവൾ ബെത്ലഹേമിലേക്കു യാത്രചെയ്യുകയും കർത്താവായ യേശു ജനിക്കുവാനുള്ള സമയംവരെ മാത്രം അവിടെ തങ്ങുകയും ചെയ്തു. അവന്റെ ജനനത്തിനുശേഷം ഉടനെ അവന്റെ മാതാപിതാക്കളാൽ അവൻ മിസ്രയീമിലേക്കും പിന്നീട് അവൻ വളർന്ന നസ്രത്തിലേക്കും എടുക്കപ്പെട്ടു (മത്താ. 2:19-23). തൽഫലമായി, അവനെ നസ്രത്തിൽ നിന്നുള്ള യേശുവായി എല്ലാവരും അറിഞ്ഞിരുന്നു. "മറച്ചുവച്ചുകൊണ്ടുള്ള" ഒരു രീതിയിൽ, അവൻ യഥാർത്ഥത്തിൽ ബെത്ലഹേമിലാണു ജനിച്ചിരുന്നതെന്ന് ആരുംതന്നെ അറിഞ്ഞിരുന്നില്ല.

നെപ്പോളിയൻ യവനന്മാരുടെ ഒരു പിൻതുടർച്ചക്കാരനായിരുന്നുവെന്ന് പെംബെർ പറയുന്നു. ഇത് ഉറപ്പിക്കുവാൻ പ്രയാസമാണെങ്കിലും, എന്റെ ശക്തമായ തോന്നൽ എതിർക്രിസ്തു ഒരു യവന വംശജനായിരിക്കും എന്നാണ്. എങ്കിലും, അവൻ എവിടെനിന്നു പൊങ്ങിവരുമെന്ന് കൃത്യമായി നിർണ്ണയിക്കുവാൻ പ്രയാസമാണ്. എന്നിരുന്നാലും, ഏതെങ്കിലും രീതിയിൽ അവൻ യവനദേശവുമായി വളരെയടുത്തു ബന്ധപ്പെട്ടിരിക്കും എന്നതിനു സംശയമില്ല. ഇത് എന്റെ ഊഹമോ എന്റെ വ്യാഖ്യാനമോ

അല്ല: ഇത് ദാനീയേൽ 8:9-ലുള്ള വ്യക്തമായ സൂചനയാണ്. എതിർക്രിസ്തു തീർച്ചയായും മഹാനായ അലക്സാണ്ടറിന്റെ കീഴിലുള്ള മക്കെദോന്യയും യവനദേശവും എന്ന പുരാതന സാമ്രാജ്യത്തിന്റെ മേഖലയിലുള്ള നാലു രാജ്യങ്ങളിലൊന്നിൽനിന്നു വരും.

ഈ ഘട്ടത്തിൽ നമുക്ക് ദാനീയേൽ 2:31-33, 38-45, 7:3-7 എന്നീ തിരുവെഴുത്തുകളുടെ ചരിത്രപരമായ നിറവേറലിനെ ഒരു അനന്വവാക്യമായി ചിന്തിക്കാം. ഒന്നാമത്തെ മൃഗമായ വലിയ ബിംബത്തിന്റെ തല ബാബിലോൺ സാമ്രാജ്യമായിരുന്നു (B.C. 605 മുതൽ B.C. 539 വരെ). രണ്ടാമത്തെ മൃഗമായ വലിയ ബിംബത്തിന്റെ നെഞ്ചും കൈകളും മേദ്യ-പാർസ്യ സാമ്രാജ്യത്തെ പ്രതിനിധീകരിക്കുന്നു (B.C. 549 മുതൽ B.C. 330 വരെ). മേദ്യയും പാർസ്യയും രണ്ടു കൈകൾപോലെയാണെങ്കിലും, അവ ഒരു സാമ്രാജ്യമായിരുന്നു. മൂന്നാമത്തെ മൃഗമായ വലിയ ബിംബത്തിന്റെ വയറും തുടകളും മക്കെദോന്യയുടെയും യവനദേശത്തിന്റെയും സാമ്രാജ്യത്തെ സൂചിപ്പിക്കുന്നു (B.C. 336 മുതൽ B.C. 323 വരെ). നാം കണ്ടതുപോലെ, മഹാനായ അലക്സാണ്ടറിന്റെ മരണത്തിനുശേഷം, മക്കെദോന്യയുടെയും യവനദേശത്തിന്റെയും സാമ്രാജ്യം നാലു ഭാഗങ്ങളായി വിഭജിക്കപ്പെട്ടു: മിസ്രയീമും, കുറീനയും, കോയലോ സിറിയയും, ഏഷ്യാമൈനറിന്റെ ഭാഗങ്ങളും ചേർന്ന പ്ലൊലിമാസിന്റെ രാജത്വവും; മക്കെദോന്യയിലും യവനദേശത്തുമുള്ള കസ്സാണ്ടറിന്റെ രാജത്വവും; ത്രേയാസും, പടിഞ്ഞാറൻ ബിഥുന്യയും, ലെസ്സർ ഫ്രുർഗ്യയും, മൂസ്യയും, ലുദിയയും ചേർന്ന ലുസിമാക്കസിന്റെ രാജത്വവും; ഏഷ്യമൈനറിലും സുറിയയിലും ശേഷിക്കുന്നതിലുള്ള സെലൂക്കസിന്റെ രാജത്വവും (B.C. 323 മുതൽ B.C. 31 വരെ). അതുകൊണ്ട്, ചെറിയ കൊമ്പ് തെക്കോട്ടും, കിഴക്കോട്ടും, മനോഹരദേശത്തിനു നേരേയും ഏറ്റവും വലുതായി വളരുമെന്നത് എതിർക്രിസ്തു യവനദേശത്തിന്റെയും മക്കെദോന്യയുടെയും സ്രോതസ്സിൽനിന്നു എഴുന്നേൽക്കുമെന്നതിന്റെ ഒരു തെളിവാണ്. നാലാമത്തെ മൃഗമായ വലിയ ബിംബത്തിന്റെ കാലുകൾ റോമാസാമ്രാജ്യമാണ് (B.C. 30 മുതൽ A.D. 476 വരെ). പടിഞ്ഞാറുള്ള റോമാസാമ്രാജ്യത്തിന്റെ മേഖലകളിൽ ഗൗലും, സ്പെയിനും, ബ്രിട്ടനും, ഇറ്റലിയും, വടക്കെ ആഫ്രിക്കയുടെ പടിഞ്ഞാറൻ പകുതിയും ഉൾപ്പെട്ടിരുന്നു. കിഴക്കുള്ള റോമാസാമ്രാജ്യത്തിന്റെ മേഖലകളിൽ മക്കദോന്യയും, ഗ്രീസും, ത്രേയാസും, ഏഷ്യാമൈനറും, സുറിയയും, യെഹൂദ്യയും, മിസ്രയീമും, വടക്കെ ആഫ്രിക്കയുടെ കിഴക്കൻ ഭാഗവും ഉൾപ്പെട്ടിരുന്നു. A.D. 476-നുശേഷം റോമാസാമ്രാജ്യം മാറ്റി നിർത്തപ്പെട്ടു. ഈ മാറ്റിനിർത്തലിന്റെ സമയത്ത്, അതായത്, രണ്ടു കാലുകൾക്കു ശേഷവും പത്തു കാൽവിരലുകൾക്കു മുമ്പുമുള്ള ഇടവേളയുടെ സമയത്ത്, റോമാസാമ്രാജ്യം റോമൻ കത്തോലിക്കാ സഭയാൽ പകരംവയ്ക്കപ്പെട്ടു.

### C. സ്വർഗത്തിലെ സൈന്യത്തോളം വലുതായിത്തീരുന്നു

ദാനീയേൽ 8:10 പറയുന്നു, "അത് സ്വർഗത്തിലെ സൈന്യത്തോളം വലുതായിത്തീർന്നു." ചെറിയ കൊമ്പ് തെക്കോട്ടും കിഴക്കോട്ടും, മനോഹരദേശത്തിനു നേരേയും മാത്രമല്ല, സ്വർഗത്തിലെ സൈന്യത്തോളംപോലും വലുതായിത്തീരും. അവൻ എത്ര നിഗളിയായിരിക്കും! മനുഷ്യൻ ചന്ദ്രനിൽ ഇറങ്ങിയതിൽ വിജയിച്ചുവെന്ന് നമുക്കെല്ലാവർക്കും അറിയാം. ഈ ബഹിരാകാശ സാങ്കേതികവിദ്യ ഗ്രഹങ്ങളും നക്ഷത്രങ്ങളുമടങ്ങുന്ന സ്വർഗത്തിലെ സൈന്യങ്ങളോടുള്ള ബന്ധത്തിൽ ചിലത് ചെയ്യുവാൻ എതിർക്രിസ്തുവിനെ പ്രാപ്തനാക്കിയേക്കാം. എതിർക്രിസ്തു അത്രമാത്രം ധിക്കാരിയും, വലിയവനും, നിഗളിയും ആയിരിക്കും, അവൻ സ്വർഗത്തിലെ സൈന്യത്തെ സ്പർശിക്കുവാൻപോലും തുനിയും.

### D. സൈന്യത്തിലും നക്ഷത്രങ്ങളിലും ചിലതിനെ നിലത്തു തള്ളിയിടുകയും അവയുടെമേൽ ചവിട്ടുകയും ചെയ്യുന്നു

ചെറിയ കൊമ്പ് "സൈന്യത്തിലും നക്ഷത്രങ്ങളിലും ചിലതിനെ നിലത്തു തള്ളിയിടുകയും അവയുടെമേൽ ചവിട്ടുകയും ചെയ്തു" എന്നും ദാനീയേൽ 8:10 പറയുന്നു. അവൻ എന്തു മനുഷ്യനായിരിക്കും! സ്വർഗീയസൈന്യത്തെ താഴെ കൊണ്ടുവരുവാൻ എതിർക്രിസ്തുവിനെ പ്രാപ്തനാക്കുന്ന ചിലത് ശാസ്ത്രമേഖലയിൽ വികാസംപ്രാപിക്കും. ഇതുപോലും ചെയ്യുവാൻ അവൻ തുനിയുമെന്നതിനാൽ എതിർക്രിസ്തു അത്രമാത്രം നിഗളയായിരിക്കും.

### E. സൈന്യത്തിന്റെ അധിപതിയോടുപോലും തന്നെത്താൻ വലുതാക്കുന്നു

"അതെ, അവൻ സൈന്യത്തിന്റെ അധിപതിയോളം തന്നെത്താൻ വലുതാക്കി" എന്ന് ദാനീയേൽ 8:11-ഉം, "കർത്താധികർത്താവിനോട് എതിർത്തുനിൽക്കും" എന്ന് വാക്യം 25-ഉം പറയുന്നു. അവൻ ദൈവത്തിനെതിരായി തന്നെത്താൻ ഉയർത്തുമെന്ന് ഇത് അർഥമാക്കുന്നു.

### F. നിരന്തര ഹോമയാഗത്തെ എടുത്തുകളയുന്നു

ചെറിയ കൊമ്പ് നിരന്തര ഹോമയാഗത്തെ എടുത്തുകളയും (വാ. 11). യെഹൂദന്മാരാലുള്ള ദൈവാരാധനയെ അവൻ നിർത്തലാക്കുമെന്ന് ഇത് അർഥമാക്കുന്നു. എതിർക്രിസ്തു യെഹൂദന്മാരുടെ വിരുന്നുകളെയും നിയമങ്ങളെയും മാറ്റുമെന്ന് നാം കണ്ടു. ഇപ്പോൾ അവൻ ദിനംപ്രതിയുള്ള, അഥവാ നിരന്തര

ഹോമയാഗങ്ങളെ അവസാനിപ്പിക്കുമെന്ന് നാം കാണുന്നു. വാക്യം 12 പറയുന്നു, "അതിക്രമം ഹേതുവായി നിരന്തര ഹോമയാഗത്തിനെതിരായി ഒരു പരീക്ഷാസമയം നിയമിക്കപ്പെട്ടു" (ഡാർബി). ഇത് അർഥമാക്കുന്നത് എതിർക്രിസ്തുവിന്റെ കൈകടത്തൽനിമിത്തം ഹോമയാഗം ഒരു പരീക്ഷ സഹിക്കും എന്നാണ്. ഈ പരീക്ഷ യെഹൂദന്മാരുടെ അതിക്രമം നിമിത്തമായിരിക്കും. തങ്ങളുടെ പിതാക്കന്മാരുടെ ദേശത്തിലേക്കു മടങ്ങിവന്ന യെഹൂദന്മാർ ഇപ്പോൾ പാപങ്ങളും അതിക്രമങ്ങളും കൊണ്ടു നിറഞ്ഞ് വളരെ മോശമായ ഒരു സാഹചര്യത്തിലാണ്. ഈ അവസ്ഥ എതിർക്രിസ്തുവിന്റെ സമയംവരെ തുടരും. യെഹൂദന്മാർ ദൈവത്തിന് യാഗങ്ങൾ അർപ്പിക്കുന്നതിലൂടെ ദൈവത്തെ ആരാധിക്കുമെങ്കിലും, അപ്പോഴും അവർ പാപികളായിരിക്കും. അതുകൊണ്ട്, ദൈവം അവരുടെ യാഗങ്ങളോട് വെറുപ്പുള്ളവ നായിരിക്കുകയും, അവരുടെ അതിക്രമംനിമിത്തം യാഗങ്ങൾ നിർത്തലാക്കുവാൻ എതിർക്രിസ്തുവിനെ അനുവദിക്കുവാൻ ഇടയാക്കുകയും ചെയ്യും.

## G. സൈന്യാധിപതിയുടെ വിശുദ്ധമന്ദിരത്തെ ഇടിച്ചുകളയുന്നു

ചെറിയ കൊമ്പായ എതിർക്രിസ്തു സൈന്യാധിപന്റെ വിശുദ്ധമന്ദിരത്തെ ഇടിച്ചുകളയുകയും ചെയ്യും (ദാനീ. 8:11). അവൻ ദൈവാലയത്തെ നശിപ്പിക്കുമെന്ന് ഇതു സൂചിപ്പിക്കുന്നു. ആലയം പുനർനിർമിക്കുമെന്നും ഇതു ധ്വനിപ്പിക്കുന്നു. ഇന്ന് എതിർക്രിസ്തു പ്രത്യക്ഷനാകുമെങ്കിൽ, അവന് ഇടിച്ചുകളയുവാൻ ആലയം ഉണ്ടാ യിരിക്കുകയില്ല. താമസംവിനാ ആലയം പുനർനിർമിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതിനുശേഷം പെട്ടെന്ന് എതിർക്രിസ്തു എഴുന്നേൽക്കുകയും ഒരിക്കൽകൂടെ അതിനെ ഇടിച്ചുകളയുകയും ചെയ്യും.

## H. സത്യത്തെ നിലത്തു തള്ളിയിടുന്നു

എതിർക്രിസ്തു "സത്യത്തെ നിലത്തു തള്ളിയിടും" എന്നും ദാനീയേൽ 8:12 വെളിപ്പെടുത്തുന്നു. എതിർക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം സത്യം ഉണ്ടായിരിക്കുകയില്ലെന്ന് ഇത് അർഥമാക്കുന്നു. അവൻ സകല സത്യത്തെയും നിർത്തലാക്കുകയും ഇല്ലാതാക്കുകയും ചെയ്യും. ഇന്നത്തെ ലോകസാഹചര്യത്തിന്റെ ഗതി ഇപ്രകാരമാണ്. രാജ്യാന്തര ബന്ധങ്ങളെ സംബന്ധിച്ചിടത്തോളം വളരെ കുറച്ചു സത്യമേ ഉള്ളൂ. സകല സത്യത്തെയും നിരാകരിക്കുന്നതിനെ സംബന്ധിച്ച് എതിർക്രിസ്തു അങ്ങേയറ്റത്തോളം പോകും.

## I. വലിയ കാര്യങ്ങൾ ചെയ്യുകയും സഫലമാകുകയും ചെയ്യുന്നു

എതിർക്രിസ്തു വലിയ കാര്യങ്ങൾ ചെയ്യുകയും സഫലമാകുകയും ചെയ്യും (ദാനീ. 8:12, ഡാർബി; വാ. 24). *വലിയ കാര്യങ്ങൾ ചെയ്യു* (ഡാർബി) എന്നതിനുള്ള എബ്രായപദം ആശ്ചര്യകരവും അത്ഭുതകരവുമായ ഒരു പ്രവൃത്തിയെ ചൂണ്ടിക്കാണിക്കുന്ന ഒരു പ്രത്യേക പദമാണ്. മുമ്പു ചെയ്തിട്ടില്ലാത്ത വലിയ കാര്യങ്ങൾ എതിർക്രിസ്തു ചെയ്യുകയും, അവൻ സഫലമാകുകയും ചെയ്യും.

## J. ഉഗ്രമായ ഒരു മുഖഭാവം ഉണ്ടായിരിക്കും

എതിർക്രിസ്തുവിനെ "ഉഗ്രഭാവമുള്ള ഒരു രാജാവായി" ദാനീയേൽ 8:23 വിവരിക്കുന്നു. നാം കണ്ടതുപോലെ എതിർക്രിസ്തു കാഴ്ചയ്ക്ക് വണ്ണമുള്ളവനും കീഴ്പ്പെടുത്തുന്നവനും ആയിരിക്കും.

## K. ഇരുണ്ട വാക്യങ്ങളെ മനസ്സിലാക്കുന്നു

"ഇരുണ്ട വാക്യങ്ങളെ" എതിർക്രിസ്തു മനസ്സിലാക്കുകയും ചെയ്യും (ദാനീ. 8:23). ഈ ഇരുണ്ട വാക്യങ്ങൾ കടങ്കഥകളും, ദ്വയാർഥവും അവ്യക്ത അർഥവുമുള്ള വഞ്ചനാപരമായ വാക്കുകളും ആയിരിക്കും. അവന്റെ വാക്കുകൾക്ക് ദ്വയാർഥമുള്ള തുകൊണ്ട് അവൻ എന്താണ് പറയുന്നതെന്ന് മനസ്സിലാക്കുവാൻ പ്രയാസമായിരിക്കും.

## L. അവന്റെ അധികാരം വലുതായിരിക്കുമെങ്കിലും അവന്റെ സ്വന്തശക്തിയാലായിരിക്കുകയില്ല

ദാനീയേൽ 8:24 പറയുന്നു, "അവന്റെ അധികാരം വലുതായിരിക്കും: സ്വന്തശക്തിയാൽ അല്ലതാനും." എതിർക്രിസ്തുവിന്റെ അധികാരം സാത്താന്റെ അധികാരമായിരിക്കും. വെളിപ്പാട് 13:2 പറയുന്നു, "അവന് വ്യാളി തന്റെ ശക്തിയും തന്റെ സിംഹാസനവും, വലിയ അധികാരവും കൊടുത്തു." ഒരർഥത്തിൽ എതിർക്രിസ്തു സാത്താന്റെ ദേഹരൂപമായിരിക്കും.

## M. അതിശയമാംവണ്ണം നശിപ്പിക്കുന്നു

എതിർക്രിസ്തു "അതിശയമാംവണ്ണം നശിപ്പിക്കും" എന്ന് നമ്മോടു പറഞ്ഞിരിക്കുന്നു (ദാനീ. 8:24) എതിർക്രിസ്തു അസാമാന്യമായ അളവിൽ നശിപ്പിക്കുമെന്ന് ഇത് സൂചിപ്പിക്കുന്നു. അവൻ അഭൂതപൂർവ്വമായ ഒരു രീതിയിൽ പട്ടണങ്ങളെയും രാഷ്ട്രങ്ങളെപ്പോലും നശിപ്പിക്കും. ഭൂമിയിൽ ഇതിന് സാക്ഷിയാകുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മറിച്ച് ഞാൻ അത് സ്വർഗത്തിൽനിന്ന് നിരീക്ഷിക്കുവാൻ ഇഷ്ടപ്പെടുന്നു.

## N. ശക്തിയും വിശുദ്ധിയുമുള്ള ജനത്തെ നശിപ്പിക്കുന്നു

എതിർക്രിസ്തു ദൈവജനമായ "ശക്തിയും വിശുദ്ധിയുമുള്ള ജനത്തെ നശിപ്പിക്കും" (ദാനീ. 8:24).

## O. സൂത്രശാലിയും ഉപായിയും

ദാനീയേൽ 8:25 പറയുന്നു, "തന്റെ നയബുദ്ധിയാൽ അവൻ തന്റെ കരത്തിൽ തഴയ്ക്കേണ്ടതിന് ഉപായം പ്രയോഗിക്കും" (എബ്രാ.). എതിർക്രിസ്തു സൂത്രശാലിയും ഉപായിയും ആണെന്ന് ഇതു വെളിപ്പെടുത്തുന്നു.

## P. സുരക്ഷിതത്വത്തിലിരിക്കുന്ന അനേകരെ നശിപ്പിക്കുന്നു

"സുരക്ഷിതത്വത്തിലിരിക്കുന്ന പലരെയും" എതിർക്രിസ്തു "നശിപ്പിക്കും" എന്നും ദാനീയേൽ 8:25 പറയുന്നു. അനേകരും സുരക്ഷിതത്വത്തിലും സമാധാനത്തിലും ആയിരിക്കുമ്പോൾ എതിർക്രിസ്തു വന്ന് അവരെ നശിപ്പിക്കും.

## Q. കൈ തൊടാത തകർന്നുപോകും

എതിർക്രിസ്തു "കൈ തൊടാതെ തകർന്നുപോകും" എന്നും ദാനീയേൽ 8:25 വെളിപ്പെടുത്തുന്നു. ഒടുവിൽ, യാതൊരു മാനുഷിക കരത്താലുമല്ല, ക്രിസ്തുവിനാൽ എതിർക്രിസ്തു തകർക്കപ്പെടും.

ഈ വിഷയങ്ങളെല്ലാം ദാനീയേൽ എട്ടാം അധ്യായത്തിലെ ചെറിയ കൊമ്പായ എതിർക്രിസ്തുവിന്റെ ഒരു സമ്പൂർണ്ണ ചിത്രം നമുക്കു നല്കുന്നു. എതിർക്രിസ്തു ഒന്നാമത് ദാനീയേൽ ഏഴാം അധ്യായത്തിലെ നാലാമത്തെ മൃഗവും പിന്നീട് ദാനീയേൽ എട്ടാം അധ്യായത്തിലെ ചെറിയ കൊമ്പും ആണെന്ന് ദയവായി ഓർക്കുക.